(ബി) മേല്പറഞ്ഞ പദ്ധതികൾ ഓരോന്നും പൂർത്തിയാക്കുമ്പോൾ ആവശ്യമായി വരുന്ന തുക എത്ര എന്ന് അറിയിക്കാമോ;

(സി) നടപ്പ് സാമ്പത്തിക വർഷം ഓരോ പദ്ധതിക്കും വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം ചെലവഴിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുഖ്യ അടിസ്ഥാന വികസന പദ്ധതികൾക്കായി 2015-16 സാമ്പത്തിക വർഷം വകയിരുത്തിയ 2000 കോടി രൂപയുടെ സമാഹൃത ഫണ്ടിൽനിന്നും 706.10 കോടി രൂപ വിവിധ പദ്ധതികൾക്ക് ഇതിനകം അനുവദിച്ചിട്ടുണ്ട്. ഇതിൽ വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് അനുവദിച്ച 150 കോടി രൂപയും കൊച്ചി മെട്രോയ്ക്ക് അനുവദിച്ച 172.35 കോടി രൂപയും ഉൾപ്പെടുന്നു. ഇതുകൂടാതെ കൊച്ചി മെട്രോയ്ക്ക് 46.70 കോടി രൂപയും ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

(ബി) വിഴിഞ്ഞം പദ്ധതിയെ സംബന്ധിച്ച് നിലവിൽ പുറപ്പെടുവിച്ചിരിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരം (സ.ഉ.(കൈ) നമ്പർ 31/2015/മുഉവ തീയതി 12-6-2015) പുതുക്കിയ പദ്ധതി ചെലവ് 5552 കോടി രൂപയാണ്. എന്നാൽ വസ്തുവിന്റെ വില, മറ്റ് അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, വെള്ളം, റെയിൽവേ എന്നിവയ്ക്കും ഭരണച്ചെലവുകൾ മറ്റുള്ളവയ്ക്കുമായി 2148 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ആകെ പദ്ധതി തുക 7700 കോടി രൂപ വരുമെന്ന് കണക്കാക്കുന്നു.

(സി) 2013-14 സാമ്പത്തിക വർഷം മുതൽ മുഖ്യ അടിസ്ഥാന വികസന പദ്ധതികൾക്കായി വകയിരുത്തുന്ന സമാഹൃത ഫണ്ടിൽനിന്നാണ് ഓരോ പദ്ധതിക്കും ആവശ്യകത അനുസരിച്ച് തുക റീ അലോട്ട് ചെയ്യുന്നത്. ഇപ്രകാരം നടപ്പു വർഷം മുഖ്യ അടിസ്ഥാന വികസന പദ്ധതികൾക്കായി വകയിരുത്തിയ വിഹിതത്തിൽനിന്നും 35.31% ഇതിനകം വിവിധ പദ്ധതികൾക്കായി അനുവദിച്ചിട്ടുണ്ട്.

2015-16 വർഷത്തേക്കുള്ള ബഡ്ജറ്റിൽ ഏഴ് സുപ്രധാന മേഖലകളിൽ സർക്കാർ വകയിരുത്തിയിരുന്ന തുകയും ചെലവഴിച്ച തുകയും

200 (175) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തേക്കുള്ള ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഏഴ് സുപ്രധാന മേഖലകളിൽ സർക്കാർ വകയിരുത്തിയിരുന്ന തുകയും മേഖലകളും വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത തുകയിൽ ഇതിനകം ചെലവഴിച്ച തുക മേഖല തിരിച്ച് വിശദമാക്കാമോ;

(സി) സൂപ്രധാന മേഖലയായി ബഡ്ജറ്റിൽ പരാമർശിച്ച ഏഴ് മേഖലയ്ക്കും കൂടി വകയിരുത്തപ്പെട്ട മൊത്തം തുകയുടെ എത്ര ശതമാനം തുക ബന്ധപ്പെട്ട പദ്ധതികൾക്കായി നാളിതുവരെ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്; പദ്ധതിയടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ഡി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഏഴ് മേഖലകളിലെ പദ്ധതികളുടെ മേൽനോട്ടത്തിനായി രൂപീകരിച്ച ക്യാബിനറ്റ് സബ് കമ്മിറ്റികൾ എത്ര;ഓരോ സബ് കമ്മിറ്റിയും എത്ര തവണ യോഗം ചേരുകയുണ്ടായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർക്കുന്നു*.

(ഡി) 7-4-2015-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 132/2015/ധന പ്രകാരം ഏഴ് മേഖലയ്ക്കും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള പ്രത്യേക എംപവേർഡ് കമ്മിറ്റികൾ രൂപീകരിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കെ.എസ്.എഫ്.ഇ.

201 (176) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിൽ (കെ.എസ്.എഫ്.ഇ.) പെൻഷൻ പ്രായം 58 ആയിരിക്കെ 58 വയസ്സ് കഴിഞ്ഞവർ ഇപ്പോഴും ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ, ഇങ്ങനെ എത്രപേർ സർവ്വീസിൽ തുടരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കെ. എസ്. എഫ്. ഇ.-യിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ, പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്ത തീയതി, ഒഴിവിന്റെ സ്വഭാവം (Fresh, Anticipated, NJD) എന്നിവ എണ്ണം തിരിച്ച് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly